പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3442 | 19.06.2019-ലെ മറുപടിക്ക്

## മാനന്തവാടി ഡിപ്പോയിലെ ബസ്സുകളുടെ അറ്റകുറ്റപ്പണി

ചോദ്യം

ശ്രീ.ഒ. ആർ. കേളു

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ്സുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടക്കാത്തതുമൂലം സർവ്വീസ് നടത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>നിലവിൽ മാനന്തവാടി ഡിപ്പോയിൽ നിന്നും പ്രതിദിനം ശരാശരി 86 സർവ്വീസുകളാണ് നടത്തിവരുന്നത്. ഈ സർവ്വീസുകൾ നടത്തുന്നതിന് ആവശ്യമായ ബസ്സുകൾ മാനന്തവാടി ഡിപ്പോയിൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനായി മറ്റ് ഡിപ്പോകളിൽ നിന്നും ലഭ്യമാക്കിയ ബസ്സുകളിൽ ചിലത് അറ്റകുറ്റപണികൾക്കായി ഡിപ്പോയിലുണ്ട്. ഈ ബസ്സുകൾ അറ്റകുറ്റപ്പണികൾ തീർത്ത് സർവ്വീസിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വളരെ ചെറിയ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം സർവ്വീസ് മുടങ്ങി കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**